**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243** **03-08-2021 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിലെ രോഗനിർണ്ണയ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ജി എസ് ജയലാൽ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പക്ഷി മൃഗാദികൾ പരത്തുന്ന രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുവാൻ എന്തെല്ലാം രോഗനിർണ്ണയ സംവിധാനങ്ങളാണ് മൃഗസംരക്ഷണ വകുപ്പിനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പാലോട് പ്രവർത്തിയ്ക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്(SIAD) എന്ന സ്ഥാപനവും അതിനു താഴെ തിരുവല്ല, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലബോറട്ടറികളും രോഗ നിർണ്ണയത്തിനു സജ്ജമാണ്. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ വെറ്ററിനറി കേന്ദ്രത്തിനോടനുബന്ധിച്ചുള്ള ജില്ലാ ക്ലിനിക്കൽ ലബോറട്ടറികളും രോഗനിർണ്ണയം നടത്തിവരുന്നു. |
| (ബി) | എൻ. എ. ബി. എൽ. അംഗീകാരമുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലും തിരുവല്ല എ. ഡി. ഡി. എൽ, പാലക്കാട് ആർ. ഡി. ഡി. എൽ എന്നീ ലബോറട്ടറികളിലും എൻ. എ. ബി. എൽ. അംഗീകാരമുള്ള രോഗനിർണ്ണയ സംവിധാനം ലഭ്യമാണ്. പാലോട് സിയാഡിൽ ആനകളുടെ ഹെർപ്പിസ് രോഗനിർണ്ണയത്തിനും വളർത്തുമൃഗങ്ങളിലെ പേവിഷബാധ രോഗനിർണ്ണയത്തിനും എൻ.എ.ബി.എൽ. അംഗീകാരമുണ്ട്. ആർ.ഡി.ഡി.എൽ പാലക്കാടിൽ എലിസ ടെസ്റ്റും എ.ഡി.ഡി.എൽ, തിരുവല്ലയിൽ മൈക്രോബയോളജി ഹിസ്റ്റോപതോളജി എന്നിവയ്ക്കും എൻ.എ.ബി.എൽ. അംഗീകാരമുണ്ട്. |
| (സി) | ഇത്തരം രോഗനിർണ്ണയ കേന്ദ്രങ്ങളിൽ വിദഗ്ധരായ ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കുന്നുണ്ടോ; | (സി) | രോഗനിർണ്ണയ കേന്ദ്രങ്ങളിൽ പ്രവർത്തി പരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള ബിരുദാനന്തര ബിരുദധാരികളാണ് പ്രവർത്തിയ്ക്കുന്നത്. |
| (ഡി) | മുൻകാലങ്ങളെ അപേക്ഷിച്ച് രോഗനിർണ്ണയം വേഗത്തിൽ നടത്തി രോഗനിയന്ത്രണ മാർഗ്ഗങ്ങൾ | (ഡി) | മേൽപറഞ്ഞ ലബോറട്ടറികളിൽ പി. സി. ആർ. തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പക്ഷി മൃഗാദികളിലെ |

| | | | |
|---|---|---|---|
| | സ്വീകരിക്കുവാൻ ഈ സംവിധാനങ്ങൾ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | രോഗനിർണ്ണയം നടത്തിവരുന്നത്. ഇതിനാൽ വളരെ വേഗം രോഗനിർണ്ണയം നടത്തുവാനും രോഗനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും സാധിക്കുന്നു. |
| (ഇ) | ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഇ) | കണ്ണൂർ ഒഴികെയുള്ള എല്ലാ റീജിയണൽ ഡിസീസ് ഡയഗണോസ്റ്റിക് ലബോറട്ടറികളും ആധുനിക രോഗ നിർണ്ണയ സംവിധാനമായ പി.സി.ആർ. പരിശോധന നടത്താൻ സജ്ജമാണ്. കണ്ണൂർ ജില്ലയിലെ ലബോറട്ടറിയിൽ ആധുനിക രോഗ നിർണ്ണയ സംവിധാനമായ പി.സി.ആർ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ